MR. K. KUNJAN PILLAI : ഗവണ്മെൻറ്ഭൂമിയിൽ എവിടെ പ്രവേശിച്ചാലും കേസെടുത്തു ശിക്ഷിക്കുന്നതാണ്.

MR. K. P. KOCHUKORA THARAKAN : പല നാളായി പുറമ്പോക്കു ഭൂമിയിൽ പ്രവേശിച്ചു ചിറയിട്ടു കൃഷി നടത്തിക്കൊണ്ടിരുന്നു. ഈ പുതിയ ആർഡർ വന്നതിനുശേഷം ചിറയിടാൻ നിവൃത്തിയില്ലാതെ കൃഷിയ്ക്കു ദോഷം വരുന്നുണ്ടെന്നു ഗവണ്മെൻറിനറിയാമോ?

MR. K. KUNJAN PILLAI : ഗവണ്മെൻറിനറിവില്ല.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavancode*) : അനുവാദം വാങ്ങിച്ചുകൊണ്ടു കൃഷിക്കു ചിറയിടുകയാണെങ്കിൽ ഗവണ്മെൻറു കേസെടുത്തു ശിക്ഷിക്കുമോ?

MR. K. KUNJAN PILLAI : ഗവണ്മെൻറനുവാദത്തോടുകൂടി പ്രവേശിച്ചാൽ കേസെടുത്തു ശിക്ഷിക്കുകയില്ല.

MR. P. S. MUHAMED (*Quilon* cum *Kottarakara*) : സ്വന്തഭൂമിയാണെന്നുള്ള വിശ്വാസത്തിന്മേൽ വലിയ കെട്ടിടങ്ങളും സ്ഥാപനങ്ങളും ഒക്കെ ഉണ്ടാക്കുകയും എന്നാൽ ഡിപ്പാർട്ടുമെൻറുകാരുടെ അളവിൻറെ വ്യത്യാസത്താൽ കുറെ സ്ഥലം പുറമ്പോക്കാകയും ചെയ്താൽ അങ്ങനെയുള്ള സ്ഥാപനങ്ങളെ നശിപ്പിക്കാതിരിക്കത്തക്കവണ്ണം വേണ്ട വ്യവസ്ഥചെയ്യാൻ ഗവണ്മെൻറിനു ഭയവുണ്ടാകുമോ?

MR. K. KUNJAN PILLAI : ഓരോ കേസുകളും അതാതുകളുടെ മെരിറ്റനുസരിച്ചാണു തീരുമാനിക്കുന്നതു്.

MR. PADIYARA JOSEPH KUNJU : ഇപ്പോൾ അങ്ങിനെയല്ലാ നടക്കുന്നതു് എന്നു ഗവണ്മെൻറു സമ്മതിക്കുമോ?

MR. K. KUNJAN PILLAI : അങ്ങിനെതന്നെയാണു നടക്കുന്നതു്.

Tuberculosis Hospital, Asaripallom.

6. * MR. K. NARAYANAPERUMAL NADAR (*Tovala* cum *Agastisvaram*) : Will the Government be pleased to state the total number of in-patients and out-patients in the Tuberculosis Hospital, Asaripallom, from the date of the opening of the hospital to the end of Alpasi 1117 ?

VAIDYASASTRAKUSALA DR. (MRS.) M. POONEN LUKOSE : No patients were treated during the period. The buildings were only formally opened. The hospital cannot start work till the X-Ray apparatus arrives, and till staff quarters are constructed.

MR K. NARAYANAPERUMAL NADAR : May I know whether Government have ordered for an X-Ray apparatus ?

VAIDYASASTRAKUSALA DR. (MRS.) M. POONEN LUKOSE : Yes, Sir.

LIBRARY ARCHIVES Kerala Legislative Assembly